# Desabhimani

## 23 July 2018

## Edapally, Kunnumpuram, After Flood, Relief Camp

# കുന്നുംപുറത്തെ ക്യാമ്പിൽനിന്ന് എല്ലാവരും മടങ്ങി

**വൈറ്റില**

ഇടപ്പള്ളി കുന്നുംപുറം സ്കൂളിൽ ആരംഭിച്ച ദുരിതാശ്വാസക്യാമ്പിൽനിന്ന് ഞായറാഴ്ച ഉച്ചയോടുകൂടി എല്ലാവരും വീടുകളിലേക്ക് മടങ്ങി. കനത്ത മഴയിൽ വീടുകളിൽ വെള്ളം കയറിയതിനെത്തുടർന്ന് മണപ്പുറംഭാഗത്തെ എട്ട് കുടുംബങ്ങളെയാണ് ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിപ്പാർപ്പിച്ചിരുന്നത്.

മഴ കുറഞ്ഞപ്പോൾ വീടുകളിലെയും പരിസരങ്ങളിലെയും വെള്ളം ഇറങ്ങി. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ വീടുകളിലും പരിസരങ്ങളിലും ശുചീകരണപ്രവർത്തനങ്ങൾ നടത്തിയ ശേഷമാണ് ഇവരെ മാറ്റിപ്പാർപ്പിച്ചത്.

കൗൺസിലർ അംബിക സുദർശൻ, ഇടപ്പള്ളി നോർത്ത് വില്ലേജ് ഓഫീസർ ലിസി എന്നിവരുടെ നേതൃത്വത്തിലാണ് വീടുകളിലേക്ക് മാറ്റിയത്.



കുന്നുംപുറം ദുരിതാശ്വാസക്യാമ്പിൽനിന്ന് ആളുകൾ വീടുകളിലേക്ക് മടങ്ങുന്നു